പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **2707** **10.07. 2015-** ലെ മറുപടി

## ഗൾഫ് മലയാളികൾക്ക് നിയമസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | എ) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേയ്ക്കായി 'Pravasi Legal Assistance' (പ്രവാസി നിയമസഹായം) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുളള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ദ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ? | ബി) 'Pravasi Legal Assistance' (പ്രവാസി നിയമസഹായം) നടത്തിപ്പ് സംബന്ധിച്ച് സഹായമാവശ്യമുള്ള പ്രവാസി മലയാളി, അവരുടെ കുടുംബാഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുളള പ്രവാസി സംഘടനകൾ, തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ വിദേശ രാജ്യങ്ങളിലെ എംബസിയ്ക്കും കേസ്സുകൾ റഫർചെയ്യാവുന്നതാണ്. എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ദ്ധർ നൽകുന്ന നിയമസഹായത്തിന് ചെലവാക്കുന്ന തുക പരമാവധി 2 ലക്ഷം രൂപ റീഇംബേഴ്സ്മെന്റായി നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ